"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - കൊല്ലം കോർപ്പറേഷനിൽ ഡ്രൈവർ സീനിയർ ഗ്രേഡ് - മരണപ്പെട്ട ബിജു.വി-യുടെ മകൻ ശ്രീ.പ്രണവ് ബി - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(കൈ) നം.143/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി) നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
3. ശ്രീ.പ്രണവ്.ബി സമർപ്പിച്ച 21.07.2023 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 05.04.2024 തീയതിയിലെ LSGD/PD/66426/2023-DEF7 നമ്പർ കത്ത്.
5. കൊല്ലം ജില്ലാ കളക്ടറുടെ 07.08.2024 തീയതിയിലെ DCKLM/5068/2024-S4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം കോർപ്പറേഷനിൽ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിക്കവെ 06.02.2023 തീയതിയിൽ മരണപ്പെട്ട ബിജു.വി-യുടെ മകൻ ശ്രീ.പ്രണവ് ബി (നിർമ്മാല്യം, കടയ്ക്കോട് പി.ഒ, കടയ്ക്കോട്, കൊല്ലം- 691505) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് പരാമർശം 3 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ബിജു.വി-യുടെ സേവനകാലം 8 വർഷവും 10 മാസവും 05 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 30.04.1975, 31.03.2014 ആണ്. പ്രിൻസിപ്പൽ ഡയറക്ടറും കൊല്ലം ജില്ലാ കളക്ടറും അപേക്ഷകന് ജോലി നൽകുന്നതിന് പരാമർശം 4, 5 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. ശ്രീ.പ്രണവ്. ബി, സിബിഎസ്.സി (10-ാം ക്ലാസ്), എസ്.സി.ഇ. വിജയിച്ചിട്ടുള്ളതും ടിയാന്റെ ജനന തിയതി 09.03.2001 എന്നതുമാണ്. ടിയാൻ ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത

സമയപരിധിയ്ക്കുള്ളിൽ (21.07.2023) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി ബിജു.വി-യുടെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് കൊല്ലം കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിതൻ എന്ന നിലയിൽ ശ്രീ.പ്രണവ്.ബി-യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാൻ അവിവാഹിതനാണ്. ശ്രീ.പ്രണവ്.ബി-യുടെ കുടുംബ വാർഷിക വരുമാനം ₹96,000/- രൂപയാണെന്ന് (തൊണ്ണൂറ്റി ആറായിരം രൂപ മാത്രം) കരീപ്ര വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നു. കൂടാതെ പരാമർശം 2 ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രവും ടി സംരക്ഷണ സമ്മതമൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള 14.07.2023 ലെ സ.ഉ.(പി)നം.12/2023/ഉഭപവ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സമ്മതപത്രവും ശ്രീ.പ്രണവ് ബി സമർപ്പിച്ചിട്ടുണ്ട്. ശ്രീ.പ്രണവ്.ബി കൊല്ലം ജില്ലയിൽ എൽ.ഡി ക്ലർക്ക് തസ്തികയിലേക്കാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ടിയാൻ ടി തസ്തികയിലേക്ക് യോഗ്യത നേടിയിട്ടുമുണ്ട്.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കൊല്ലം കോർപ്പറേഷനിൽ ഡ്രൈവർ സീനിയർ ഗ്രേഡ് തസ്തികയിൽ സേവനമനുഷ്ഠിക്കവെ 06.02.2023 തീയതിയിൽ മരണപ്പെട്ട ബിജു.വി-യുടെ മകൻ ശ്രീ.പ്രണവ് ബി- യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/പ്രിൻസിപ്പൽ ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകന് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാനെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകന് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷകൻ തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം.

സെക്രട്ടറി, കൊല്ലം കോർപ്പറേഷന്

ജില്ലാ കളക്ടർ , കൊല്ലം.

ശ്രീ.പ്രണവ് ബി, നിർമ്മാല്യം, കടയ്ക്കോട് പി.ഒ, കടയ്ക്കോട്, കൊല്ലം- 691505

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇയു1/68/2024-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by
Sonu Jacob
Date: 23-10-2024 15:07:41

സെക്ഷൻ ഓഫീസർ